# തൃശ്ശൂർക്കാർ – ഗ്രീക്കുക്കാരോ, റോമക്കാരോ

യഥാർത്ഥത്തിൽ തൃശ്ശൂർക്കാർ ആരാണ് ഏത് ഗോത്രത്തിൽ നിന്നുവന്നു.ഏത് വംശ ത്തിൽ നിന്ന് വന്നു. ഏങ്ങിനെയാണവർ ഇന്ത്യയിലേക്ക് വന്നത്. കേരളത്തിന്റെ യഥാർത്ഥ കച്ചവടക്കാരായ തൃശ്ശൂർക്കാർക്ക് എങ്ങനെയാണ് ഈ നാമധേയം വന്നത്. ലോകത്തിലെ കച്ചവടത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന ജൂതൻമാരുടെയോ, അറബികളുടെയോ, അതോ പാശ്ചാത്യ ലോകത്തിലെ തലതൊട്ടപ്പൻമാരായ റോമക്കാരുടെയോ, ഗ്രീക്കുകാരുടെയോ, പിൻമുറക്കാരാണോ എന്ന് തോന്നിപോകാൻ ഒട്ടേറെ സമാനതകളു്. ഇന്ന ാട്ടുകാർക്ക് ഇന്ത്യയിലെ പഞ്ചാബികളെപോലെയോ, മാർവാടികളെ പോലെയോ, ഇവർ കച്ചവട തൽപ രരാണ്.

ഇവർ കച്ചവടം ചെയ്യുന്നതെന്തെന്നു നോക്കാം. അറബികളായ കച്ചവടക്കാരും , യൂറോപ്യൻമാരും, ഏത് തരം കച്ചവടത്തിലാണ് ആദ്യം താൽപര്യം കാണിച്ചിരുന്നത്. സ്വർണ്ണം, വെള്ളി, വൈരക്കല്ലുകൾ, ബാങ്കിംങ്ങ്, സുഗന്ധദ്രവ്യങ്ങൾ, തുടങ്ങിയവയിൽ ശ്രദ്ധചെലുത്തി. തൃശ്ശൂർക്കാരുടെ ബിസ്സിനസ്സ് എന്താണ്. ഇന്ത്യയിൽ മിക്ക നഗരങ്ങളിൽ ചെന്നാലും അവിടെ തൃശ്ശൂർക്കാരന്റെ സ്വർണ്ണക്കട കാണാം, തൃശ്ശൂർ ജ്വല്ലേഴ്സ്, ചിട്ടിവ്യ വസായം, ലോകത്തിന് പരിചയപ്പെടുത്തികൊടുത്തവരാണിവർ, ഇപ്പോൾ തുണി വ്യവ സായത്തിലും മുൻപന്തിയിലും, വൈരക്കല്ലുകളുടെ വിവിധങ്ങളായ ഉൽപ്പന്നങ്ങളും ഇവ രുടെ ഇഷ്ടയിനങ്ങളാണ്.കേരളത്തിലെ എല്ലാ പട്ടണങ്ങളിലും ഇവർ കച്ചവടം ചെയ്യുന്നു. പൊതിവെ സുഖലോലുപരാണ് ഇവർ കൃഷിയിൽ കാര്യമായ താൽപര്യം കാണിക്കാറില്ല. ബാറുകളിലും മദ്യഷാപ്പുകളിലും കുടുതൻ ബിസ്സിനസ്സും നടക്കുന്നതിന്റെ ലക്ഷണവും കാണിക്കുന്നത് സുഖലോലുപത ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നതിന്റെ തെളിവാണിത്. പൊതുവെ അധികാരത്തോട് താൽപര്യം കുറവാണ് പകരം അധികാരത്തിന്റെ നിയന്ത്രണം തങ്ങളുടെ കൈകളിൽ വേണമെന്ന് ബിസ്സിനസ്സുകാർ നിർബന്ധം കാണിക്കുന്നത് കാണാം. യുദ്ധങ്ങളോടും വഴക്കുകളോടും താൽപര്യം കാണിക്കാത്ത ഇവർ സഞ്ചാരപ്രിയരുമാണ്. അമേരിക്ക, ഗൾഫ് നാടുകൾ, യൂറോപ്പ് , ആസ്ട്രേലിയ, എന്തിന് ആഫ്രിക്കൻ രാജ്യങ്ങ ളിൽ പോലും ഇവരുടെ സജീവ സാന്നിധ്യമു്. ഗൃഹാതുരത്വം കൂടുതലുള്ളത് കൊ് എത്രവർഷം കഴിഞ്ഞാലും ജന്മനാട്ടിലേക്ക് ഇവർ തിരിച്ചുപോരുന്നു.

ഇനി ഇവരുടെ ലോകസംസ്ക്കാരങ്ങുടെയും ജനങ്ങളുടെയും ഇടയിലുള്ള ബന്ധ മെന്താണെന്ന് നോക്കാം.

മധ്യകാല യൂറോപ്യൻ ചരിത്രത്തിൽ അഞ്ചാംനൂറ്റ് മുതൽ പതിനൊന്നാം നൂറ്റ് വരെയുള്ള കാലഘട്ടത്തിൽ നിന്ന് നവോത്ഥാന കാലത്തെ ഹ്യുമാനിസ്റ്റുകൾ നൽകിയിരുന്ന പേര് അന്ധകാരയുഗം എന്നായിരുന്നു. എ. ഡി നാലാം നൂറ്റാിൽ റോമൻ സാമ്രാജ്യം രായി വിഭജിക്കപ്പെട്ടു. ഗ്രീക്കുകാർക്ക് പ്രാമുഖ്യമുള്ള കോൺസ്റ്റാന്റിനോപ്പിൾ തലസ്ഥാനമായി പൌസ്ത്യ റോമാസാമ്രാജ്യവും റോം തലസ്ഥാനമായി പശ്ചിമറോമാസാമ്രാജ്യവും നിലവിൽ വന്നു. ക്രിസ്തു ജീവിച്ചിരുന്നപ്പോഴും , ക്രസ്തുവിനു മുമ്പും അറബിനാടുകളിലേക്കും , യൂറോപ്യൻ രാജ്യങ്ങളിലേക്കും സുഗന്ധവ്യഞ്ജനങ്ങൾ കൊുപോകുന്ന പ്രധാന മാർഗങ്ങളായിരുന്നു. ഇന്ത്യൻ മഹാസമുദ്രവും, അറബികടലും. ഇന്ത്യൻ മഹാസമുദ്രം ആദ്യകാലഘട്ടത്തിലും മധ്യകാലഘട്ടത്തിലും കച്ചവടക്കാരുടെ സിൽക്ക് റുട്ട് എന്നറിയപ്പെട്ടിരുന്നു. പടിഞ്ഞാറൻ ചൈനയിൽ നിന്നും , മധ്യഏഷ്യയിൽ നിന്നും കടൽ മാർഗ്ഗം തെക്കുകിഴക്കൻ ഏഷ്യവഴി ചരക്കുകൾ യുറോപ്പിലേക്ക് കൊ് പോയിരുന്ന പ്രധാനമാർഗ്ഗമാണിത്. അക്കാലത്ത് ഇന്ത്യൻ മഹാസമുദ്രം നിയന്ത്രിച്ചിരുന്നത് ജൂതൻമാരും അറബികളും , തുർക്കികളും ആയിരുന്നു. കടൽമാർഗ്ഗം പേർഷ്യൻ കടലിടുക്കുവഴിയും ചെങ്കടൽവഴിയും ചരക്കുകൾ എത്തിച്ച ഇവരിൽ നിന്ന് കച്ചവടത്തിലെ മറ്റ് പ്രമുഖരായ ഗ്രീക്കുകാരും റോമക്കാരും ചരക്കുകൾ വാങ്ങി യൂറോപ്പിൽ എത്തിച്ചിരുന്നു. പിൽക്കാലത്ത് കച്ചവടത്തിൽ പ്രമുഖരായ ഗ്രിക്കുകാർ തന്നെ നേരിട്ട് അറബികടൽ വഴി ഇന്ത്യ മഹാസമുദ്രവഴിയിലേക്കുള്ള യാത്രയിൽ കേരളത്തിൽ എത്തിയവരാകാം എന്ന് തോന്നുന്നു.

അക്കാലത്ത് ക്രിസ്തു ശിഷ്യനായ തോമാശ്ലീഹ കടൽ വഴി കൊടുങ്ങല്ലുർ എത്തിയതിന് ചരിത്രരേഖകള്ു്. എ.ഡി നാലാം നൂറ്റാിൽ പൗരസ്ത്യ റോമാസാമ്രജ്യത്തിലെ ഗ്രീക്കുകാരും, റോമക്കാരും കൊടുങ്ങല്ലൂരും, കോഴിക്കോടും വന്നിറങ്ങിയതാകാൻ സാധ്യതയു്. ഗ്രീക്കുകാരുടെ രാജ്യത്തെപോലെയാണ് കേരളത്തിലെയും കാലാവസ്ഥ . സമശിതോഷ്ണകാലാവസ്ഥയുള്ള കേരളത്തിൽ ഒരു ഭാഗത്ത് കടലും, പിന്നെ കുന്നും മലകളും നിറഞ്ഞതാണ്. തങ്ങളുടെ രാജ്യത്തിന്റെ മാതൃകയുള്ളതുകൊാകാം അവർ ഒരു പക്ഷേ കൂടുതൽ പേർ കേരളത്തിൽ വന്നത് എന്ന് തള്ളികളയാനാകില്ല..ഗ്രീക്കുകാരെ പോലെ കേരളത്തിലും ആദ്യകാലത്ത് സൂര്യനെ ആരാധിച്ചിരുന്നു. കറുത്ത തലമുടിയും തവിട്ട് നിറവും കലർന്ന കണ്ണുകളാണ് ഗ്രീക്കുകാരെ പോലെ ഇവിടെയുള്ളവർക്കും കൂടുതലായും കാണുന്നത്. ഇന്നാട്ടുകാർക്കും അഞ്ചരടിമുതൽ ആറടിവരെ ഉയരമുള്ള ഇവർ കച്ചവടത്തിൽ മാത്രമല്ല , ചികിത്സാരംഗത്തും , വിദ്യഭ്യാസരംഗത്തും മുൻപന്തിയിലാണ് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശുരിന്റെ ഒരു ഭാഗം ഇറ്റലിക്കാരുടെ ചരിത്രത്തിന്റെ ഒരു ഭാഗമാലെന്ന് നമുക്ക് പറയാനാവില്ല. പാശ്ചാത്യ റോമാസാമ്രജ്യത്തിൽ അക്കാലത്ത് ഇറ്റലിയിൽ വളർന്ന് വന്ന പ്രധാന നഗരങ്ങളായ വെനീസ്, മിലൻ, പിസ, ഫ്ളോറൻസ് , ജെനോവ, നേപ്പിൾസ്, ഇതിൽ തന്നെ മിലനിലും, ഫ്ളോറൻസിലും ആയിരുന്ന സമ്പന്നൻമാരും കൂടുതലും അധിവസിച്ചിരുന്നത്. ഇവർ അത്തരം നഗരങ്ങളെ

ഉൾപ്പെടുത്തി ഒരു ഭരണ സംവിധാനം തന്നെ ഉാക്കിയെടുത്തു. അക്കാലത്ത് ലോകത്തിലെ എല്ലാപ്രമുഖ വസ്തുക്കളും സാംസ്ക്കാരിക മൂല്യമുള്ളവയും ഇവർ വാങ്ങിക്കൂട്ടി. ഇവർ ബഹുനിലകെട്ടിടങ്ങളും, വീടുകളും പടുത്തുയർത്തി. ലോകത്തിലെ എല്ലാ ചിത്രകാരന്മാരേയും, ശിൽപികളേയും അവർ വിലക്കെടുത്തു. ലോകത്തിലെ പ്രസിദ്ധങ്ങളായ കൊത്തുപണികളും, ഛായാചത്രങ്ങളും പിന്നീട് ഇറ്റലിയിൽ നിന്ന് പുറം ലോകം അറിഞ്ഞ് തുടങ്ങി. ഇവർ മണിലെൻഡിങ്ങ് കച്ചവടം നടത്തിയവരായിരുന്നു. കച്ചവടത്തിന്റെ ചുക്കാൻ പിടിച്ചിരുന്നവരും ഇവരായിരുന്നു. ലോകത്തിന്റെ സംസ്കാരം ഇറ്റലക്കാരുടെ അവസാനവാക്കായി മാറി. ലോകത്തിലെ മികച്ച ഛായാ ചിത്രങ്ങളെല്ലാം ഇറ്റലിക്കാരുടേതാണ്. ഇതിന്റെ മറുവശം മാത്രമാണ് തൃശ്ശൂരിനും ഉായത്. കേരളത്തിന്റെ സംസ്ക്കാരിക തലസ്ഥാനമായതും ഒരു നിമിത്തം പോലെയാണ് വർഷങ്ങൾക്കു മുൻപേ വലിയ വീടുകളും (ഇപ്പോഴും) തൃശ്ശൂരിൽ ധാരാളമായി കാണാം. മണിലെൻഡിങ്ങ് ബിസിനസ്സും ഇവർ നടത്തുന്നു. റിസർവ്വ് ബാങ്ക് ഇപ്പോൾ എടുക്കുന്ന ധനകാര്യ സ്ഥാപനങ്ങളെ പറ്റിയുള്ള തീരുമാനങ്ങൾ വർഷങ്ങൾക്കു മുൻപ് തൃശ്ശൂർക്കാർ ചിട്ടി കമ്പനിയിൽ എഴുതി ഉാക്കയതാണെന്ന് ഉദ്യോഗസ്ഥർ നിസ്സംശയം പറയുന്നു. ഇവന്മാർക്ക് ആരാണ് ഇത് പറഞ്ഞ് കൊടുത്തത് എന്ന് ഇപ്പോഴും അജ്ഞാതം. പക്ഷേ ചില ജീനുകൾ നൂറ്റാുകൾക്കു ശേഷവും തലമുറകളായി മനുഷ്യന്റെ തലച്ചോറിൽ ഉാകുമെന്ന് വേണം അനുമാനിക്കാൻ:

നല്ല സിനിമകളും, ആർട്ട് ചിത്രങ്ങളും, ആർട്ട് നാടകങ്ങളും, സംവിധാനങ്ങളും തൃശ്ശൂർക്കാരന്റെ തലയലുദിക്കുന്നു. ഗ്രീക്കുകാരും, ഇന്ത്യയിലെ ആര്യന്മാരും, ഇറാനിയന്മാരും ഒരേ വർഗ്ഗത്തിൽപ്പെട്ടവരാണെന്ന് നരവംശ ശാസ്ത്രജ്ഞൻമാരെ ഉദ്ധരിച്ചുകൊ് വിക്കീപീഡിയ സാക്ഷ്യപ്പെടുത്തുന്നു. സമ്പന്നമായ ഗ്രീക്ക് സംസ്ക്കാരം കേരളത്തിൽ പ്രതിഫലിക്കുന്നതിന്റെ തെളിവുകളു്. വിവാഹത്തിന് സ്ത്രീകൾ അരപ്പട്ട കെട്ടുന്നത് കേരളത്തിലെ മുസ്ലീമുകൾക്കിടയിൽ കാണാം. വിവാഹത്തിന് സംഘം ചേർന്ന് നൃത്തം ചെയ്യുന്നത് പുരാതനകാലം മുതൽ ക്രിസ്ത്യൻ, മുസ്ലിം കുടുംബങ്ങളിലു്.

ആര്യന്മാർ ഇന്ത്യയിലേക്ക് വന്നപ്പോൾ ഉത്തരേന്ത്യയിൽ നിന്നും ഇന്ത്യയിലെ തെക്കേ അറ്റത്ത് നിലയുറപ്പിച്ച ദ്രാവിഡന്മാർ മാത്രമല്ല തൃശ്ശൂർക്കാർ. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കർണ്ണാടകയിൽ നിന്ന് ഒളിച്ചോടിയ കച്ചവടക്കാരുമുവിടെ, തമിഴ്നാട്ടിൽനിന്ന് യുദ്ധങ്ങളും ആക്രമണങ്ങളും ഭയന്ന് തൃശ്ശൂരിൽ എത്തിയ വ്യാപാരികളും കാണും ഇവരിൽ.

പൊതുവെ യുദ്ധവീരന്മാരായ ഗ്രീക്കുകാർ അവരിലെ യുദ്ധകൊതിയന്മാർ കേരള

ത്തിലെ വടക്കൻ ജല്ലകളിൽ ഉന്നെ് തോന്നുന്നു. കച്ചവടക്കാർ കൊടുങ്ങല്ലൂരും, യുദ്ധം ചെയ്യാൻ താല്പര്യമുള്ളവർരും, കച്ചവടക്കാരും കോഴിക്കോടും എത്തിയെന്ന് വേണം അനുമാനിക്കാൻ. വടക്കൻ വീരഗാഥകളിൽ കാണുന്ന ഭടന്മാർ ഗ്രീക്കുകാരുടെ പിൻമുറ ക്കാരാവില്ല എന്ന് ആർക്കും തീർത്ത് പറയാനാവില്ല. പഴയകാലത്ത് കടലാക്രമണം മൂലം കൊടുങ്ങല്ലൂർ തുറമുഖം തകർന്ന് പോയില്ലെങ്കിൽ കറാച്ചി, മുംബൈപ്പോലുള്ള പ്രധാന തുറമുഖ പട്ടണമായേനെ, കൊടുങ്ങല്ലൂർ, അതിൻകീഴിൽ മാത്രമേ തൃശ്ശൂരും, കൊച്ചിയും വികസിക്കുമായിരുന്നുള്ളൂ.തൃശ്ശൂരിന്റെ ഈ മണിലെൻഡിങ്ങ് ചരിത്രത്തിന്റെ ഉത്തരമാണ് കാത്തലിക്ക്, സിറിയൻ, ധനലക്ഷ്മി, സൗത്ത് ഇൻഡ്യൻ, ലോർഡ് കൃഷ്ണ തുടങ്ങി ബാങ്കുകൾ. നൂറിലധികം പഴക്കമുള്ള കുറക്കമ്പനികൾ കാണാം. തൃശ്ശൂരിന് പുറമേ കുന്ദം കുളം, ഇരിഞ്ഞാലക്കുട, ചാലക്കുടി, ചാവക്കാട്, ഒല്ലൂർ, ആമ്പല്ലൂർ തുടങ്ങി സമ്പന്നമായ ഒട്ടേറെ പ്രദേശങ്ങൾ തൃശ്ശൂർ ജില്ലയിൽ കാണാം. ഇതൊക്കെ ഏതൊരു തൃശ്ശൂർക്കാരനും, തന്റെ സിരകളിൽ ഉറ്റം കൊള്ളുന്ന വികാരമാണ്. ഇറ്റലിയിലെ മിലനിലെയും, ഫ്ളോറൻസി ലെയും കച്ചവടക്കാർ തങ്ങളുടെ വീട്ടുപേരിൽ കച്ചവടം നടത്താനാണ് ഇഷ്ടപ്പെട്ടിരുന്ന ത്. തൃശ്ശൂർക്കാരും അങ്ങിനെയാണ്. തന്റെ കടയുടെ പേരിന്റെ കൂടെ വീട്ടുപേര് വക്കു ന്നത് കാണാം.

ആതുരസേവനരംഗത്തും, വിദ്യാഭ്യാസസ്ഥാപനരംഗത്തും ഉള്ള ആശുപത്രികൾ, കോളേജുകൾ കൂടുതലും കാണിക്കുന്നത് സമ്പന്നമായ ഒരു സംസ്ക്കാരം ഇവിടത്തെ ജനങ്ങൾക്കിടയിൽ ഉായിരുന്നു എന്നതിന്റെ തെളിവാണിത്. ജീനുകൾ ഒരിക്കലും മരി ക്കുന്നില്ല അതുകൊാകാം കേരളത്തിന്റെ മെഡിക്കൽസിറ്റിയും വിദ്യാഭ്യാസ തലസ്ഥാ നവും എന്ന ഇരട്ടപദവിയും തൃശ്ശൂർക്കാർക്ക് ലഭിച്ചത്. ഇനി തൃശ്ശൂർക്കാർക്ക് പറയാം ലോകത്തിലെ ഏറ്റവും മികച്ച സംസ്ക്കാരത്തിന്റെ പിൻമുറക്കാരാണ് തങ്ങളെന്ന്. പിന്നീട് ജാതി, മത, വർഗ്ഗ വർണ്ണ ചിന്തകൾ കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ടുപോയപ്പോൾ അതിൽ നിന്ന് ഉയർന്നുവന്ന വർഗ്ഗമാണ് തൃശ്ശൂർക്കാർ.

**ജോൺസൺ കൂടലി**

ലേഖകന് ഫെയ്സ് ബുക്ക്, യുട്യൂബ്, ട്വിറ്റർ തുടങ്ങിയവയിൽ ആയിരക്കണക്കിന് സന്ദർശ കരു് . നിങ്ങൾക്ക് വേണമെങ്കിൽ സന്ദർശിക്കാം

| | | |
|---|---|---|
| Website | : | www.johnsunk.com |
| Facebook | : | johnson.k.o.koodali |
| Twitter | : | johnsonkerala |
| Youtube | : | johnsun.com |
| E.mail | : | jonsunk@gmail.com |
| Phone | : | 9349438818 |
| | | 0480 2753121 |